
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible

Also available are 20 books in Hindi just for rupees fiteen only.

All books are mailed free of charge. Your M. O. thould be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGESE** | **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol 6** **August 1992** **No. 5**


# എഡിറേറാറിയൽ

ജാതിയുടേയും മതത്തിന്റേയും പേരിൽ സംഘർഷങ്ങൾ തൊടുത്തു വിട്ട് തീ ആളിക്കത്തുമ്പോൾ മത സൗഹാർദ്ദത്തിനായി മുറവിളി കൂട്ടുന്ന സമൂഹമാണ് നമുക്ക് ചുററും ഉള്ളതു. ഇതിനെ രാഷ്ട്രീയ ചൂഷണമെന്ന് ഭൗതികമായി പറയാം. മതത്തിന്റെ പേരിൽ മനുഷ്യരുടെ വികാരങ്ങളെ ഉണർത്തുന്ന കുബുദ്ധികൾ ഇവിടെ വിജയിക്കുകയാണോ എന്നു തോന്നി പോകും കണ്ടാൽ. പക്ഷെ ഇവിടെ ദുർബ്ബലരായ ഇത്തരം ആളുകളുടെ ക്രൂര വിനോദത്തിന് ഇരയായി തീരുന്നതു നിരപരാധികളായ ഒരു കൂട്ടം ആളുകളാണ്, ഇതിനു പരിഹാരമെന്താണ് ? ഇതിനെ അമർച്ച ചെയ്യുവാൻ നാം എന്താണ് ചെയ്യേണ്ടതു, പ്രതികാരമോ പക പോക്കലോ ഒരു കലാപത്തിനും പരിഹാരമല്ല. സമാധാന സന്ദേശം പ്രാവൃത്തികമാക്കേണ്ട സമയം അവർ വൃഥാ കളഞ്ഞു. തന്മൂലം ദൈവ കോപം അവരിൽ ഉണ്ടാകുന്നതു കൊണ്ട് ചിലർ നശീകരണ മാർഗ്ഗങ്ങളിലേക്കു തിരിയുന്നു. അതുകൊണ്ട് നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുവാൻ ഉപദേശിച്ച ക്രിസ്തുവിന്റെ ദൗത്യം നിങ്ങൾ ഉൾക്കൊള്ളു. വിഘടന വാദികളെ, അക്രമികളെ നമ്മുടെ സമൂഹത്തിൽ നിന്നു തുടച്ചു മാററു. അതിനായി നിങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കുക. ദൈവം നമ്മെ ശക്തീകരിക്കും.

പികെ വർഗീസ്

# കർത്താവിന്നായി പ്രതിഷ്ഠിക്കുക

J. C. ചോട്ട്

വേർ തിരിഞ്ഞിരിക്കുന്നതിനോ പ്രത്യേകമായ ഒരു ജോലിക്കായി പ്രതിജ്ഞാബദ്ധമാകുന്നതിനോ ആണ് പ്രതിഷ്ഠ എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നതു. ഏതെങ്കിലും ഒരു പ്രവൃത്തിക്കു തന്നെ പൂർണ്ണമായി നല്കുന്നു എന്നു പറയാം. ഒരാരം ക്രിസ്ത്യാനിയായി തീരുമ്പോരം അടിസ്ഥാന പരമായി ഒരാരം ചെയ്യുന്നതു അതു തന്നെയാണ്. പ്രതിഷ്ഠയെക്കുറിച്ച് ചിന്തിക്കുമ്പോരം ധാരാളം പദപ്രയോഗങ്ങരം മനസ്സിൽ ഉദിക്കുന്നുണ്ട്. ഉദാഹരണമായി കർത്താവിനും അവന്റെ രാജ്യത്തിന്നും നാം പ്രഥമസ്ഥാനം കൊടുക്കണമെന്നും തന്നെത്താൻ ത്യജിച്ച് ക്രിസ്തുവിനെ അനുഗമിക്കണമെന്നും മരണം വരെ വിശ്വസ്ഥ ജീവിതം നയിക്കണമെന്നും എല്ലാം നാം തിരുവെഴുത്തിൽ വായിക്കുന്നുണ്ട് (മത്തായി 6:33; ലൂക്കൊസ് 9:23; വെളിപ്പാട് 2:10)

എങ്ങനെയായാലും യഥാർത്ഥത്തിലുള്ള ഒരു പ്രതിഷ്ഠ വളരെ വേഗം ഉണ്ടാകുന്ന ഒന്നല്ല. ഒരാളിൽ അതു മുളച്ചു വളരുന്നതിനു വളരെ സമയം എടുക്കും. പ്രതിഷ്ഠിക്കപ്പെട്ട ജീവിതമുള്ള ആളുകളെ നാം കാണുമ്പോരം നാം അത്ഭുതപ്പെട്ടേക്കാം. അവർ ഈ ഒരു നിലയിൽ എത്താൻ ചിലപ്പോരം അനേക വർഷങ്ങളുടെ അനുഭവം വേണ്ടി വന്നിരിക്കാം. വലിയ ധ്യാനമുള്ളവരും പ്രതിഷ്ഠിക്കപ്പെട്ടവരുമായി നാം കാണുന്നതു അപ്പൊസ്തലന്മാരെയാണ്. അവർ തങ്ങളുടെ വിശ്വാസത്തിനായി കഷ്ടത ഏല്ക്കുവാനും മരിക്കുവാനും അവർ തയ്യാറായി. കർത്താവ് അവരെ വിളിച്ചു പരിശീലിപ്പിച്ചു പരിശുദ്ധാത്മാവിനെ അവരിൽ കൊടുത്തു അവരെ വഴി നടത്തിയതാണ് എന്നു നാം മറക്കരുതു. എന്നാൽ അവരുടെ മാർഗ്ഗമദ്ധ്യേ പ്രശ്നങ്ങളും ബലഹീനതകളും അവർ

ക്കുണ്ടായിട്ടുണ്ട്. ബൈബിളിൽ വായിക്കുന്ന ദൈവ ദാസന്മാരിൽ പ്രമുഖരായ പലരേയും നോക്കുകയാണെങ്കിൽ അവരിലെല്ലാം ചില തെററുകൾ നിങ്ങൾക്കു കണ്ടെത്താൻ കഴിയും. കാരണം അവരെല്ലാം മനുഷ്യരായിരുന്നു. അതു സത്യമാണെങ്കിലും അവർ ആരും തങ്ങളുടെ ജോലി ഉപേക്ഷിച്ചു കളഞ്ഞില്ല. അവർ തുടർന്നു തങ്ങളുടെ കർത്താവിനെ പിൻപററി അവരുടെ വിശ്വാസത്തിലും പ്രതിഷ്ഠയിലും വളർന്നു.

വിദേശികൾ എന്തിനാണ് ഇത്രയും പൈസയെല്ലാം ചെലവു ചെയ്തു നമ്മുടെ നാട്ടിൽ വന്നു സുവിശേഷ പ്രവർത്തനമെല്ലാം നടത്തുന്നതു എന്നു ചിലർ ചിന്തിച്ചേക്കാം. അവർക്കു അവരുടെ നാട്ടിൽ നല്ല രീതിയിൽ ജീവിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ടായിട്ടും അതെല്ലാം ഉപേക്ഷിച്ച് സ്വന്ത കുടുംബത്തെപോലും കണക്കാക്കാതെയാണ് അവർ ഇവിടെ വന്നു പ്രവർത്തിക്കുന്നതു എന്നോർക്കണം. ചിലപ്പോൾ അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഒരു നന്ദി വാക്കുപോലും ഇവിടെ നിന്നും കിട്ടിയെന്നു വരികയില്ല. ആത്മിയമായും ഭൗതികമായും അവരുടെ സ്വന്തം നാട്ടിലുള്ളതെല്ലാം വേണ്ടെന്നു വെച്ച് ഇവിടെ വന്നു പ്രവർത്തിക്കാൻ കാരണം അവർക്ക് കർത്താവിനോടും കർത്താവിൻെറ പ്രവർത്തനങ്ങളോടും ഉള്ള പ്രതിജ്ഞാബദ്ധമായ കടപ്പാടാണ് അതു സൂചിപ്പിക്കുന്നതു. മററെല്ലാററിനെക്കാളും അവർ സ്ഥാനം കൊടുത്തിരിക്കുന്നതു കർത്താവിനാണ്.

ഈ രീതിയിൽ വരുന്ന വിദേശികളായ മിഷനറിമാരെ ചൂഷണം ചെയ്യുന്ന പ്രാദേശികരായ ആളുകളുണ്ട്. വളരെ എളുപ്പത്തിൽ അയാൾ വഞ്ചിക്കപ്പെടുന്നുണ്ട്. അടുത്തുകൂടുന്ന വ്യക്തി എങ്ങനെയുള്ളവനെന്നോ അവൻെറ ഉദ്ദേശം എന്തെന്നോ മനസ്സിലാക്കാതെ അവനെ വിശ്വസിക്കുന്നതു കൊണ്ടും കുഴപ്പമുണ്ടാകാറുണ്ട്. ഒരു ജോലിക്കു വേണ്ടിയോ അല്ലെങ്കിൽ

വിദേശത്തു ചെന്നു പണമുണ്ടാക്കുവാൻ തുനിഞ്ഞ് ഇവരു ടെ കൂടെ കൂടുന്നവരുണ്ട്. ഭൗതികമായ ഇത്തരം ഉദ്ദേശങ്ങ ളിൽ ഏതെങ്കിലും തെററുണ്ടോ എന്നു ചോദിച്ചേക്കാം. പക്വ തയില്ലാത്ത യുവാക്കളായ ക്രിസ്ത്യാനികൾ അവർ തങ്ങളെ ക്കുറിച്ചും ഭൗതികമായ ഉയർച്ചയെക്കുറിച്ചും മാത്രമെ ചിന്തി ക്കുന്നുള്ളു. അവർ തങ്ങളുടെ അഭിലാഷങ്ങൾക്കു വേണ്ടി നില കൊള്ളുന്നവരാണ്. അവർക്ക് പ്രതിഷ്ഠാ ജീവിതമി ല്ല. തങ്ങളുടെ ആത്മീയ ജീവിതത്തെക്കുറിച്ച് പരിജ്ഞാന ത്തോടു കൂടിയ സമീപനം അവർക്കില്ല. കർത്താവിന്നു വേ ണ്ടി തങ്ങളുടെ ജീവിതം ഉഴിഞ്ഞു വെച്ച ക്രിസ്ത്യാനികൾ ഒരിക്കലും അങ്ങനെ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ അരുതു.

സഭയുടെ ശക്തമായ നിലനില്പിനും വളർച്ചക്കും പ്രവർത്തനങ്ങളുടെ വിജയത്തിനുമെല്ലാം ആവശ്യം അതിനു വേണ്ടി വേർതിരിക്കപ്പെട്ട ഒരു കൂട്ടം ആളുകളാണ്. ഫലത്തെ ക്കുറിച്ച് ചിന്തിക്കാതെ എന്തു വന്നാലും കർത്താവിന്റെ കൂ ടെ നില്ക്കുന്ന ഉറപ്പുള്ള സ്ത്രീ പുരുഷന്മാർ ഇതിൽ ഉൾ പ്പെടും. ഉപദേഷ്ടാക്കൾക്കു പ്രതിഫലം കിട്ടിയാലും കി ട്ടിയില്ലെങ്കിലും അവർ സത്യം പ്രഘോഷിക്കുന്നവരായിരി ക്കണം. ക്രിസ്തുവിന്റെ രക്ഷിക്കുന്ന സുവിശേഷമെടുത്തു കൊണ്ട് ദരിദ്രർക്കിടയിലും പണക്കാർക്കിടയിലും പട്ടണ ത്തിലും നാട്ടിൻ പുറത്തും കുഗ്രാമത്തിലും എവിടെയായാ ലും പോകാൻ സന്നദ്ധരായിരിക്കണം അവർ. കർത്താവി ന്റെ നാമം വ്യാപിപ്പിക്കുന്നതിനും സത്യം പ്രചരിപ്പിക്കു ന്നതിനും അവർ ബദ്ധശ്രദ്ധരായിരിക്കും; അല്ലാതെ എന്തു കിട്ടും എന്നതായിരിക്കയില്ല. ഓരോ പ്രാദേശികഇടവകയിലു മുള്ള അംഗങ്ങൾ തങ്ങളെത്തന്നെ കർത്താവിന്നു നല്കു ന്നവരും സഭയുടെ വളർച്ചക്കു എല്ലാ സഹായങ്ങളും ചെയ്യു ന്നവരും ആയിരിക്കും. അവരുടെ കഴിവുകൾ മുഴുവനും ശ രിയായി ഉപയോഗിച്ച് സഭാപ്രവർത്തനങ്ങളെ നയിക്കുവാൻ തയ്യാറുള്ളവരായിരിക്കും. അവർക്ക് എന്തു കിട്ടും എന്നല്ല;

മറിച്ച് തങ്ങൾക്കു എന്തു നല്കുവാൻ കഴിയും എന്നതായിരിക്കും അവരുടെ ഭാഗത്തു നിന്നും ഉണ്ടാവുക. അത്തരം ആളുകളെ കർത്താവ് ഗണ്യമായി കരുതും. അവർ തങ്ങളുടെ ജോലി എന്തായിരുന്നാലും അവർ അതിൽ ജാഗരൂകരായിരിക്കും.

ഏതെങ്കിലും ഒരു രാജ്യത്തെ സഭ ശൈശവ പ്രായത്തിലായിരിക്കുമ്പോൾ പ്രാദേശിക ഇടവകകളും അവയിലെ അംഗങ്ങളും പിടിച്ചു നില്ക്കുവാൻ ക്ലേശിക്കും. ഇടവകകൾ പലപ്പോഴും ചെറുതായിരിക്കും; അതു കൊണ്ട് പുറത്തുള്ള സഹായത്തെ ആശ്രയിച്ച് കഴിയേണ്ടി വരും. എന്നാൽ അംഗങ്ങൾക്ക് എല്ലായ്പോഴും ഇതിനെ ആശ്രയിച്ചിരിക്കാവുന്നതുമല്ല. മിക്കവരും യുവാക്കളാണെങ്കിൽ കുറെ നാൾ കരുത്തുള്ളവരായിരിക്കും. പക്ഷേ പരീക്ഷണങ്ങൾ വരുമ്പോൾ അവർ ബലഹീനരായി തീരും. കാലം കഴിയുമ്പോൾ നില്ക്കുന്നവർ ക്രമേണ ഉറപ്പുള്ളവരും കുലുങ്ങാത്തവരും ആയി മാറും. അവർ പഠിച്ച് വിശ്വാസത്തിൽ വളരുന്നതോടെ വ്യക്തിഗതമായും കൂട്ടായും ശക്തി പ്രാപിക്കും. പരിചയ സമ്പത്തും അനുഭവപാടവവും അവരെ, പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കും. അങ്ങനെ തങ്ങളുടേയും മററുള്ളവരുടേയും പ്രശ്നങ്ങളെ പരിഹരിക്കുവാനും നേരിടുവാനും വേണ്ട നിർദ്ദേശങ്ങൾ കൊടുപ്പാൻ ഇവർക്കു കഴിയും. കൂടാതെ മററുള്ളവരെ പഠിപ്പിക്കുവാനും ഉപദേശിക്കുവാനും ഉള്ള പാണ്ഡിത്യവും അവർക്കു ലഭിക്കും. ഇതു അവരെ കൂടുതൽ കെട്ടുറപ്പുള്ളവരാക്കി മാററും.

ക്രമേണ വിശ്വസ്ഥരായ വ്യക്തികളുടെ മക്കൾ വളർന്നു അവരും വിശ്വാസികളായ അംഗങ്ങളായി തീരും. അങ്ങനെ വരുമ്പോൾ യോഗ്യതകളുള്ള മൂപ്പന്മാരേയും ശുശ്രൂഷകന്മാരേയും നിയോഗിക്കുവാനും സാധിക്കും. അവർക്കിടയിൽ തന്നെ ഉപദേശിപ്പാനും പഠിപ്പിപ്പാനും സമർത്ഥരായ ആളുകൾ സഹോദരന്മാരാൽ ആദരണീയരായി ഉണ്ടാകും.

ത്തങ്ങാക്കു തന്നെ ആത്മ വിശ്വാസമുള്ളവരായി തീരുന്നതോടെ അവർ തീരുമാനമെടുക്കുവാനും നടപ്പിൽ വരുത്തുവാനും തുടങ്ങും. ആവശ്യങ്ങളും അവസരങ്ങളും അവർക്ക് ഉണ്ടാകുമ്പോൾ ബോധപൂർവ്വം അവരുടെ ചുമതലകൾ അവർ നിർവ്വഹിക്കും. അതായതു അവർ പരിജ്ഞാനത്തിൽ, വിശ്വാസത്തിൽ, കഴിവിൽ, പ്രതിഷ്ഠയിൽ എല്ലാം വളരുന്നു എന്നർത്ഥം.

ഏതു ഇടവകയിലായാലും വിവിധ തരത്തിലുള്ള വളർച്ചയെത്തിയ അംഗങ്ങൾ കാണും. ന്യൂനപക്ഷമാണെങ്കിലും അംഗങ്ങളെല്ലാം ക്രിയാശേഷി ഉള്ളവരാണെങ്കിൽ പക്വതയെത്തിയ ഇടവകയെപോലെ അവർ പ്രവർത്തിക്കും. അതു കാണുമ്പോൾ മററുള്ളവർ പ്രചോദനം ഉൾക്കൊണ്ട് കൂടുതൽ ശക്തരായിതീരും. തുടർന്ന് അവരെല്ലാം കർത്താവിന്നു സമൃദ്ധമായി ഫലം പുറപ്പെടുവിക്കയും ചെയ്യും.

ഇതുപോലുള്ള സഹോദരങ്ങളോടൊത്തു ബന്ധപ്പെടുന്നതും അവരുടെ പ്രവർത്തനങ്ങൾ സുഗമമായി ചെയ്യുന്നതും ചാരിതാർത്ഥ്യജനകം തന്നെയാണ്. അവർ ഉൾക്കൊള്ളുന്ന പട്ടണമോ, ഗ്രാമമോ, രാജ്യമോ കർത്താവിൻെറ നാമം നിമിത്തം അഭിവൃദ്ധി പ്രാപിക്കാതിരിക്കയില്ല. ഈ ഒരു അവസ്ഥയിലെത്തുമ്പോൾ യഥാർത്ഥ പ്രതിഷ്ഠാ ജീവിതത്തിൻെറ ഫലമായി അവർ കർത്താവിനായി ചിലതു നേടിയെടുക്കും. ഭാവിയിൽ ഇതുപോലെയുള്ള സഹോദരങ്ങളും ഇടവകകളും കൂടുതൽ കൂടുതൽ സംജാതമാകട്ടെ എന്നു നമുക്കു പ്രത്യാശിക്കാം.

★

# കത്തുകൾക്കുള്ള മറുപടി.

### പി. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

പത്താം ഖണ്ഡികയിൽ പറയുന്ന പ്രകാരം ബഹുമാനാർപ്പണവും ആരാധനയും ഒന്നല്ലായെങ്കിൽ രണ്ടിനും ഒരേ പ്രവർത്തി നൽകുന്നതു ശരിയാണോ ? അതായതു വിളക്കുകറ കത്തിച്ചു വച്ച് അതിന് മുമ്പിൽ നിന്നു പ്രാർത്ഥിക്കുകയും ചെയ്യുന്ന പ്രവർത്തികറ.

പതിനൊന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം പള്ളികളിലും വീടുകളിലും ക്രിസ്തുനാഥൻെറയോ വിശുദ്ധരുടെയോ പ്രതിമകളൊ ചിത്രങ്ങളൊ വയ്ക്കുന്നതും അവയുടെ മുമ്പിൽ കാണിക്കുന്ന ഭക്തി പ്രകടനങ്ങളും അവ പ്രതിനിധാനം ചെയ്യുന്നവരോടു കാണിക്കുന്ന ബഹുമാനം ആണെങ്കിൽ അവർ അതു സ്വീകരിക്കുന്നുണ്ടോ ? അതിൽ സംതൃപ്തരാകുന്നുണ്ടോ എന്നു കൂടി നമുക്ക് നോക്കേണ്ടയോ ? ഒരു ക്രിസ്ത്യാനിയുടെ പ്രവർത്തികറ മനുഷ്യരെ തൃപ്തിപ്പെടുത്തുവാൻ ഉള്ളതല്ല. ദൈവത്തെ മാത്രം തൃപ്തിപ്പെടുത്തുവാൻ ഉള്ളതാണ്. അതുകൊണ്ട് പ്രതിമകളുടെയും ചിത്രങ്ങളുടെയും മുന്നിൽ ഭക്തി ഭാവങ്ങറ അഭിനയിച്ചു കാണിച്ചു മനുഷ്യരെ തൃപ്തിപ്പെടുത്തിയാൽ മതിയോ ?

പന്ത്രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം മനുഷ്യർ എല്ലാവരെയും പരസ്പരം ബഹുമാനിക്കണമെന്നു തന്നെയാണ് ബൈബിറ പഠിപ്പിക്കുന്നത്. ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യർ പരസ്പരം ബഹുമാനിക്കാതെ സിമൻറു വിഗ്രഹങ്ങളെയും പതാകകളെയും മരക്കഷണങ്ങളെയും ബഹുമാനിച്ചിട്ട് ഞങ്ങറ ദൈവത്തെ ബഹു

മാനിക്കുന്നുവെന്നു പറയുന്നതിൽ എന്താണ് അർത്ഥമുള്ളത്? സഭയിലെ ഏററവും വലിയ ആരാധന, ദിവ്യബലി (കുർബ്ബാന) ആണെങ്കിൽ ആദിമ ക്രിസ്ത്യാനികൾ ദൈവത്തെ ഒരിക്കൽ പോലും ആരാധിച്ചിട്ടില്ല. കാരണം താങ്കൾ പറയുന്നതുപോലൊരു ദിവ്യബലി അവർ നടത്തിയതായി ബൈബിളിൽ കാണുന്നില്ല. ബൈബിളിൽ കാണാത്ത ഈ ദിവ്യബലി സാത്താനെ തൃപ്തിപ്പെടുത്തുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. കാരണം ഈ കുർബാനയ്ക്കാണല്ലോ ആളുകളിൽ നിന്നും പണം സ്വീകരിച്ചു കൊണ്ട് അൾത്താരയിൽ വൈദികൻ അർപ്പിക്കുന്നത്. ക്രിസ്തു ജനങ്ങളിൽ നിന്നും പണം സ്വീകരിച്ചു കൊണ്ടാണോ കാൽവരി മലമുകളിൽ വച്ചു തൻെറ സ്വന്ത രക്തം ചിന്തി ബലി അർപ്പിച്ചത്. കുർബ്ബാനയ്ക്കു പ്രതിമ ആവശ്യമില്ലെങ്കിൽ കുർബ്ബാന അർപ്പിക്കുന്ന സ്ഥലത്തു പ്രതിമകൾ വച്ചിരിക്കുന്നത് എന്തിനാണ് ?

പതിമൂന്നാം ഖണ്ഡികയിൽ സഹോദരൻ എന്നോടു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തന്നെ ഞാനും അങ്ങോട്ടു പറയുന്നു; നമുക്കു ഒന്നിക്കാം. ബൈബിളിൻെറ അടിസ്ഥാനത്തിൽ മാത്രം. മാനുഷിക പഠനങ്ങൾ നമുക്കു ക്രിസ്തുവിനു വേണ്ടി ത്യജിക്കാം. സഭാവിഭാഗങ്ങളിൽ നമ്മുടെ സ്ഥാനങ്ങൾ എത്ര വലുതായിരുന്നാലും അവയെല്ലാം ക്രിസ്തുവിനുവേണ്ടി ഉപേക്ഷിക്കാം. ബൈബിളിൻെറ അടിസ്ഥാനത്തിൽ നമുക്കു ഒന്നിക്കാം. അങ്ങനെ കത്തോലിക്കാ, പെന്തക്കോസ്തു, മാർത്തോമാ തുടങ്ങിയ നാമധേയങ്ങൾ നമുക്കു ഇല്ലാതാക്കാം വചനം മാത്രം പ്രസംഗിച്ചതു കൊണ്ടോ, ളോഹ ധരിച്ചതുകൊണ്ടോ കാര്യമില്ല ആദ്യമായി വചനം പ്രവർത്തിയിൽ കാണിക്കാം. പിന്നെവചനം പ്രസംഗിക്കാം. എങ്കിൽ മാത്രമേ നമ്മുടെ സഹോദരങ്ങളുടെ ഒട്ടിയവയറും ഉന്തിയ എല്ലും നമുക്കു മാററാൻ കഴിയൂ. അല്ലാതെ ആർക്കും അതിനെ മാററുവാൻ കഴിയുകയില്ല. പകരം താങ്കൾ മൂന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം പരസ്പര വിരുദ്ധങ്ങളായ വാദഗതികൾ നിരത്തിക്കൊണ്ടു പ്രബുദ്ധരായ ഇന്നാ

ട്ടിലെ ജനങ്ങളെ ഇനിയും കബളിപ്പിക്കാമെന്നു വ്യാമോഹി ക്കേണ്ടഎന്നു ജനങ്ങളെ ധരിപ്പിക്കാം.ഒന്നുകൂടിചോദിച്ചുകൊള്ളട്ടെ. ബ്രഹ്മചര്യരാണെന്നു പറഞ്ഞു നടക്കുന്ന കത്തോലിക്കാ പുരോഹിതന്മാർ എത്ര പേരാണു അതു കാത്തു സൂക്ഷിക്കുന്നത്. അതു പരസ്യമായി ലംഘിച്ചു നടക്കുന്നവരെ നിങ്ങൾ പുകഴ്ത്തുകയല്ലേ ചെയ്യുന്നത്. ഇതു ആർക്കുവേണ്ടി? നിങ്ങൾക്കും ആ തെററ് ചെയ്യുവാനാണോ ? ഹൃദയങ്ങൾ പരിശോധിച്ചു വിധിപറയുന്ന ദൈവം അന്ത്യനാളിൽ എല്ലാം ബോദ്ധ്യപ്പെടുത്തും.

താങ്കൾ എഡിററർക്കു എഴുതിയ കത്തിൽ പറയുന്നതുപോലെ വായനക്കാരുടെ ചിന്താഗതികൾക്കു പ്രാധാന്യം കല്പിക്കുവാൻ ഞങ്ങൾക്കു കഴിയുകയില്ല. പക്ഷവാദപരമായ ഒരു മനോഭാവം വച്ചു പുലർത്തുവാനും ഞങ്ങൾക്കു സാധിക്കുകയില്ല ബൈബിളിലെ ചിന്താഗതികൾക്കു പ്രാധാന്യം നൽകുവാനും ബൈബിളിലെ മനോഭാവങ്ങൾ വച്ചു പുലർത്തുവാനും മാത്രമേ ഞങ്ങൾക്കു കഴിയുകയുള്ളു താങ്കൾ പറയുന്നതുപോലെ പ്രവർത്തിച്ചതു കൊണ്ടാണു ഇത്രയും പല സഭാവിഭാഗങ്ങൾ ഉടലെടുത്തത്.

ദൈവ രൂപത്തിൽ ഉണ്ടാക്കപ്പെട്ട മനുഷ്യൻ ഇന്നും ജീവനുള്ളവനായിരിക്കുന്നത് ദൈവത്തിൻെറ കലാവാസന വെളിപ്പെടുത്തുന്നു ജന്തുക്കളേയും സസ്യങ്ങളേയും സൃഷ്ടിച്ചതു മനുഷ്യർക്കു ഉപയോഗിക്കേണ്ടതിന്നും ആണ്. സത്യദൈവത്തെ ത്യജിച്ചു കളയാതെ അവൻെറ കല്പനകൾ അനുസരിച്ച് അവനെ ആരാധിച്ച് ജീവിക്കേണ്ടവർ അതു മറന്നു പോകുന്നതു കഷ്ടമല്ലേ ?

നാം നമ്മുടെ സൃഷ്ടാവും കലാകാരനുമായ ദൈവത്തിൽ പ്രത്യാശവെക്കുകയും അവനെ പ്രസാദിപ്പിക്കുകയും ചെയ്യണം; അവനെ വേദനിപ്പിക്കരുതു.

***

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്ജ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ലേവ്യപുസ്തകം 3:17, 7:27 എന്നീ ഭാഗങ്ങൾ കാണിച്ചുകൊണ്ടും **blood transfusion** നെ ന്യായീകരിക്കും. ഈ രണ്ടു ഭാഗങ്ങളിലും യാഗങ്ങളോടുള്ള ബന്ധത്തിൽ മൃഗരക്തത്തെ കുറിച്ചാണ് പരാമർശിക്കുന്നതെന്ന് വ്യക്തമായി കാണാം. ലേവ്യപുസ്തകം 17:10,11,14 വാക്യങ്ങളും യഹോവ സാക്ഷിക്കാർ ഈ വിഷയത്തിനു വേണ്ടി ഉദ്ധരിക്കാറുണ്ട്. ഈ ഭാഗം എന്തിനെക്കുറിച്ചാണ് എന്ന് വ്യക്തമായി കാണിക്കുന്ന 12-ഉം 13-ഉം വാക്യങ്ങൾ വിട്ടുകളയുന്നു. ആ ഭാഗങ്ങൾ വായിക്കുമ്പോൾ മൃഗത്തിൻേറയോ പക്ഷിയുടേയോ രക്തത്തെക്കുറിച്ചാണ് പരാമർശിക്കുന്നതെന്ന് വ്യക്തം.

ഭക്ഷിക്കുന്നതിന് തുല്യമാണ് രക്തം കയററുന്നത് എന്നാണ് അവരുടെ വാദം. ബുദ്ധിയോടെ സ്ഥാപിക്കുന്ന ഒരു ന്യായീകരണമായി തോന്നാമെങ്കിലും അത് സത്യമല്ല. ഭക്ഷണം കഴിക്കുമ്പോൾ ദഹനവും ഉണ്ടാകുന്നു. പക്ഷേ അതു പോലെ രക്തം കയററുമ്പോൾ ഉണ്ടാകുന്നില്ല. **(Eating involves digestion but transfused blood is not digested).**

യഹോവയുടെ കല്പന എന്നു പറഞ്ഞുകൊണ്ടു സ്വന്തം മക്കളെപ്പോലും നിർദ്ദാക്ഷിണ്യം മരണത്തിലേക്ക് വലിച്ചെറിയുന്ന (രക്തം കയററുവാൻ വിസമ്മതിച്ച് കൊണ്ട്) അനേകർ ഇന്ന് ഈ ഉപദേശത്തിനും സംഘടനയ്ക്കും അടിമകളായി തീർന്നിരിക്കുന്നു. സ്വന്തമായി തീരുമാനമെടുക്കുവാൻ പോലും കഴിയാത്ത കുഞ്ഞുങ്ങൾക്ക് ജീവൻ നിലനിർ

ത്തുവാനാവശ്യമായ രക്തം നല്കുവാൻ മടിക്കുന്നത് എത്ര വലിയ തെററാണ്. മർക്കോസ് 9:42-ൽ ക്രിസ്തു പറയുന്നത് അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ !

മനുഷ്യജീവിതത്തെ വളരെ തുച്ഛമായി ഇങ്ങനെ കാണുന്ന ഈ സംഘടനയെയും ഉപദേശത്തെയും സൂക്ഷിക്കേണ്ടിയിരിക്കുന്നു "അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" മത്തായി 7:20. ബുദ്ധിശൂന്യമായ അന്ധതയാൽ, തെററായ തരത്തിലുള്ള വ്യാഖ്യാനത്തിലൂടെ അനേകം ജീവിതങ്ങളെയും, ശിശുക്കളെയും മരണത്തിലേയ്ക്കു നടത്തുമ്പോൾ, ലോകത്തെ ആഴമായി തൻെറ മക്കളെപ്പോലെ സ്നേഹിക്കുകയും അവർക്കുവേണ്ടി സ്വന്ത പുത്രനെ പോലും നല്കുവാൻ തയ്യാറായ ദൈവത്തെയല്ല വീക്ഷാഗോപുരക്കാർ പിൻപററുന്നതെന്ന് ഫലത്താൽ തിരിച്ചറിയുവാൻ കഴിയുന്നു **Jehovah of the watch tower is not Jehovah of the Bible who loves His Children and sent His son to be our saviour)**

(ഈ വിഷയത്തെക്കുറിച്ചുള്ള പഠനങ്ങൾ ലേവ്യ പുസ്തകം 7:26-27, അപ്പോസ്തല പ്രവൃത്തികൾ 15:28-29 എന്നീഭാഗങ്ങളിലൂടെ വീണ്ടും പിന്നീട് പഠിക്കുന്നതാണ്)

വീക്ഷാഗോപുര സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നവരുടെ വ്യാഖ്യാനങ്ങൾക്ക് നാം നൽകേണ്ട മറുപടിയും ദൈവത്തിൻെറ തിരുവെഴുത്തുകളുടെ തെററായ വിശദീകരണങ്ങൾക്ക് നാം എടുക്കേണ്ട കരുതലുകളും എന്ന ഭാഗത്തിൻെറ ആരംഭമായി നാം ചില വാക്യങ്ങൾ കണ്ടുകഴിഞ്ഞല്ലോ (**Genesis** 1:1-2-9:4-). ഈ പഠനം തുടരാം.

## 3. ഉല്പത്തി. 18:1-2

"അനന്തരം യഹോവ....പ്രത്യക്ഷനായി;... തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തൻെറ നേരെ നില്ക്കുന്നതു കണ്ടു"

ഏകസത്യ 'ദൈവത്തിൽ മൂന്ന് വ്യക്തിത്വം ഉണ്ടായിരിക്കുവാൻ സാധിക്കുകയില്ല എന്നാണ് യഹോവസാക്ഷിക്കാർ വിശ്വസിക്കുന്നത്; അതായത് പിതാവ് പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക അവസ്ഥ. പക്ഷെ ഉല്പത്തി പുസ്തകം 18, 19 അദ്ധ്യായങ്ങളിൽ ദൈവം അബ്രഹാമിന് പ്രത്യക്ഷനാകുമ്പോൾ 3 പുരുഷന്മാരായി പ്രത്യക്ഷപ്പെടുന്നു. മനുഷ്യബുദ്ധിയിൽ അസാദ്ധ്യമെന്നും, ഒരിക്കലും സംഭവിക്കുവാൻ സാധിക്കുകയില്ല എന്നും പറയുന്ന കാര്യങ്ങൾ ദൈവത്താൽ സാധിക്കും എന്ന് ഈ ഭാഗം ഉദ്ധരിച്ചുകൊണ്ട് വീക്ഷാഗോപുരക്കാർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. **(even the impossible- from a human view point- is possible with God)** *

വീക്ഷാ ഗോപുര സംഘടനയുടെ സ്വന്തമായ 'പുതിയ ലോക ഭാഷാന്തരം-എന്ന ബൈബിളിലും ഉല്പത്തി 18:1-2-ൽ മൂന്നു പുരുഷന്മാരായി **(or angels)** ദൈവം അബ്രഹാമിന് പ്രത്യക്ഷപ്പെട്ടു എന്നു കാണാം. മൂന്നാം വാക്യത്തിൽ ഈ മൂന്നു പുരുഷന്മാരെയും അഭിസംബോധന ചെയ്തുകൊണ്ട് 'യഹോവ' **(addresses the three as Jehovah in Vs 3)** എന്നാണ് അബ്രഹാം പറയുന്നത്. ഈ മൂന്നു പുരുഷന്മാർ സംസാരിക്കുമ്പോൾ 'അവർ' **(they)** എന്നും 'യഹോവ' എന്നും മാറി മാറി പറയുന്നു. (9-ഉം 13-ഉം വാക്യങ്ങൾ ശ്രദ്ധിക്കുക). ഈ മൂന്നുപേരിൽ2 പേർ ലോത്തിനെ സന്ദർശിക്കുവാൻ സോദോമിലേയ്ക്കു പോകുമ്പോൾ പോലും അബ്രഹാം മൂന്നാമത്തെ വ്യക്തിയെ 'യഹോവ' എന്നുതന്നെയാണ് വിളിക്കുന്നത്. (22-ാം വാക്യം) കൂടാതെ ഉല്പത്തി 18:30, 19:1,18. വാക്യങ്ങളും പരിശോധിക്കുക.

ത്രിത്വ ഉപദേശം ഈ വേദഭാഗം തെളിയിക്കുന്നു എന്നല്ല പറയുന്നത്. പക്ഷേ ദൈവത്തിന് ത്രിയേക അവസ്ഥയിൽ വെളിപ്പെടുവാനും കഴിയും എന്ന വസ്തുത മനസ്സിലാക്കുക എന്നതാണ്. **(It is possible for God to manifest**

**himself as three in one).** മനുഷ്യന്റെ ബുദ്ധിയ്ക്കു ഉൾക്കൊള്ളുവാൻ കഴിയുന്നതിലും അപ്പുറമായ കാര്യമായതു കൊണ്ടും നിഷേധിക്കുവാൻ അവകാശമില്ല എന്ന് വീക്ഷാഗോപുരക്കാരെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. 1 കൊരിന്ത്യർ 13:12-ൽ പൗലോസ് പറയുന്നത് മനസ്സിലാക്കു.

## ഉല്പത്തി 40:20-22

"മൂന്നാം നാളിൽ ഫറവോന്റെ തിരുനാളിൽ അവൻ തന്റെ സകല ദാസന്മാർക്കും ഒരു വിരുന്നു കഴിച്ചു........ അപ്പക്കാരുടെ പ്രമാണിയെയോ അവൻ തൂക്കിച്ചു. ("In KJV- "which was Pharaoh's birthday")

വീക്ഷാ ഗോപുര സംഘടനയിൽ അംഗങ്ങൾ ജന്മദിനം ആഘോഷിക്കുവാൻ പാടില്ല എന്ന ഒരു നിയമം ഈ വേദഭാഗത്തെ ഉദ്ധരിച്ചു കൊണ്ടു പ്രമാണിക്കുന്നു.

ഈജിപ്തിലെ ഫറവോയുടെ ബന്ധത്തിലും (as above) ഗലീലയിലെ ഹെരോദാവ് രാജാവിന്റെ കാര്യത്തിലും മാത്രമാണ് ജന്മദിനം (birth day) എന്ന ആശയം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത് എന്നാണ് യഹോവ സാക്ഷിക്കാർ മനസ്സിലാക്കിയിരിക്കുന്നത് എന്നു തോന്നുന്നു (മത്തായി 14:6, മർക്കോസ് 6:21 ഹെരോദാവ് രാജാവിന്റെ ജന്മദിനത്തെക്കുറിക്കുന്ന ഭാഗങ്ങൾ) ഈ രണ്ടു രാജാക്കന്മാരും പുറജാതിക്കാരും അവരുടെ ജനനോത്സവത്തിൽ ആരെയെങ്കിലും കൊല്ലുകയും ചെയ്തിരുന്നു. വിശ്വാസികൾ ജന്മദിനം കൊണ്ടാടിയതായി ബൈബിളിൽ പറഞ്ഞിട്ടില്ലാത്തതിനാലും ജന്മദിനം ആഘോഷിച്ചവർ ദുഷ്ടത പ്രവർത്തിച്ചതിനാലും വീക്ഷാ ഗോപുരക്കാരുടെ ന്യായം ഇങ്ങനെയാണ്; അതായത് അനുയായികൾ ജന്മദിനം ആഘോഷിക്കുവാൻ പാടില്ല.

വീക്ഷാഗോപുര വിശ്വാസികൾക്കും, അനുയായികൾക്കും, സ്വന്തമായി ബൈബിൾ പഠിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നതിനും തീരുമാനിക്കുന്നതിനും അവകാശമില്ല. സംഘ

ടനയുടെ ഉന്നത ഭരണവർഗ്ഗത്തിനു മാത്രമേ അംഗങ്ങൾ എന്തു വിശ്വസിക്കണമെന്ന് തീരുമാനമെടുക്കുവാനും. ബൈബിൾ വ്യാഖ്യാനിക്കുന്നതിനും, വിശദീകരിച്ചു മനസ്സിലാക്കി കൊടുക്കുന്നതിനും അവകാശമുള്ളു. അവരുടെ വിശദീകരണങ്ങൾ അനുയായികളിൽ അടിച്ചേല്പിക്കുകയും ചെയ്യുന്നു.

ഉദാഹരണമായി:- **Massachusett's** ലുള്ള പ്രായമായ ഒരു യഹോവ സാക്ഷിക്കാരൻ തന്റെ വീക്ഷാഗോപുര വിശ്വാസിയല്ലാത്തമകനു ജന്മദിന സന്ദേശം **(Birthday Card)** അയയ്ക്കുവാൻ തീരുമാനിച്ചു പക്ഷേ അദ്ദേഹത്തിന്റെ ഭാര്യ ഇതറിഞ്ഞ് അധികാരികളെ **(local elders)** വിവരം അറിയിച്ചു, അവർ അദ്ദേഹത്തെ ഒരു അടച്ച മുറിയിൽ വച്ച് ചോദ്യം ചെയ്യുകയും വിസ്തരിക്കുകയും ചെയ്തു. എഴുപതു വയസ്സ് പ്രായമുള്ള ആ മനുഷ്യൻ തിരുവചനത്തിൽ എവിടെയെങ്കിലും ജന്മദിനത്തിന് സന്ദേശമയക്കരുത് എന്ന കല്പനയുണ്ടോ എന്ന് അവരോട് ചോദിച്ചപ്പോൾ അത് കേൾക്കുവാൻ കൂട്ടാക്കാതെ അവർ അദ്ദേഹത്തെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കി **(disfellowshipped)**. പുറത്താക്കപ്പെട്ട ആ മനുഷ്യനെ വീക്ഷാഗോപുര വിശ്വാസികളായ ബന്ധുക്കൾ ഭവനത്തിൽ കയറുകയോ, വഴിയിൽ കണ്ടുമുട്ടിയാൽ ഹല്ലോ **(hello)** എന്നു പറയുകയോ പോലും ചെയ്യുകയില്ല.

ഫറവോന്റെയും ഹെരോദാവ് രാജാവിന്റെയും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി ജന്മദിനത്തെ കുറിച്ച് എതിർക്കുന്നവരോട് (**JW**ക്കാർ) നാം മനസ്സിലാക്കി കൊടുക്കേണ്ടത്, ഈ രണ്ടു രാജാക്കന്മാരും വളരെ ദുഷ്ടന്മാരായിരുന്നുവെന്ന് മാത്രമല്ല; അവർ മററു പലസമയത്തും-ജന്മദിനത്തിൽ മാത്രമല്ല അനേകരെ കൊന്നൊടുക്കിയവരായിരുന്നു എന്നതു മാണ്; ജന്മദിനക്കാർഡ് അയച്ചതു കൊണ്ടും, രക്ഷകർത്താക്കൾ കുട്ടികളുടെ ജന്മദിനത്തിൽ ഒരു മധുരപലഹാരം നല്

കീയതു കൊണ്ടും ഈ ദുഷ്ടരാജാക്കന്മാരുടെ പാരമ്പര്യ മാണ് പിൻതുടരുന്നത് എന്ന് ആരോപിക്കുന്നത് എത്ര ബാലിശമായ കാര്യമാണ്.

**(Birthday)** ജന്മദിനം എന്ന പദം ഈ രാജാക്കന്മാരുടെ കാര്യങ്ങൾ വിവരിക്കുമ്പോൾ മാത്രമാണ് ബൈബിളിൽ ഉപ യോഗിച്ചിരിക്കുന്നത് എങ്കിലും മററു ചില വേദഭാഗങ്ങളിൽ വിശ്വാസികളുടെ കുടുംബത്തിൽനടന്ന ചില ആഘോഷങ്ങ ളെക്കുറിച്ചും ബൈബിൾ സൂചിപ്പിക്കുന്നത് പരിശോധി ക്കാം. ഇയ്യോബ് 1:4-ൽ "അവന്റെ പുത്രന്മാർ ഓരോരുത്തൻ **താന്താന്റെ ദിവസത്തിൽ** താന്താന്റെ വീട്ടിൽ വിരുന്നു കഴിക്കയും തങ്ങളോടുകൂടെ ഭക്ഷിച്ചു പാനം ചെ യ്യാൻ തങ്ങളുടെ മൂന്ന് സഹോദരിമാരെയും ആളയച്ചു വിളി പ്പിക്കയും ചെയ്ക പതിവായിരുന്നു." 'താന്താന്റെ ദിവസം' എന്നു പറയുന്നത്, അവരുടെ ജന്മദിനത്തെക്കുറിച്ചായിരുന്നു. ഇയ്യോബ് 3-ാം അദ്ധ്യായം ഒന്നു മുതൽ മൂന്നു വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കു." അനന്തരം ഇയ്യോബ് വായി തുറന്നു തന്റെ ജന്മദിവസത്തെ (his day) ശപിച്ചു.......ഞാൻ ജനിച്ച ദിവസവും......." താന്താന്റെ ദിവസം(his own day) എന്നു പറയുന്നത്. ജന്മദിനമാണെന്ന് അതേ പ്രയോഗം (his day- ജന്മദിനം) ഇയ്യോബ് തന്നെക്കുറിച്ച് പറയുന്നതിന് ഉപ യോഗിച്ചതിൽ നിന്ന് വ്യക്തമാകുന്നു (Living Bible- ൽ Job 1:4-5- വാക്യത്തിൽ birth day എന്ന് ഉപയോഗിച്ചിരി ക്കുന്നു).

(ശേഷം അടുത്ത ലക്കത്തിൽ)

***

# ഇത് മതഭ്രാന്തിന്റെ ലക്ഷണം

## പൊറേരി വിജയൻ

നിരീശ്വരവാദികളും എല്ലാമതങ്ങളേയും എതിർക്കുന്നവരുമായ "യുക്തിവാദി"കളാണ് ഇത് പറഞ്ഞതെങ്കിൽ സഹിക്കാമായിരുന്നു. എന്നാൽ വസ്തുത മറിച്ചാണ്. ഒന്നാംതരം മതവിശ്വാസികളെന്ന് തുറന്ന് പ്രഖ്യാപിച്ചവരും ദൈവത്തിന്റെ കുത്തകതന്നെ അവകാശപ്പെടുന്നവരുമായ മുസ്ലീം പണ്ഡിതൻമാരാണ് ഇത് പറഞ്ഞത്. പറഞ്ഞത് മറ്റൊന്നുമല്ല; ശരിക്കും അപലപനീയം.

കേരളാ നദ്‌വത്തുൽ മുജാഹിദീന്റെ ആഭിമുഖ്യത്തിലും കേരളാ ജംഇയ്യത്തുൽ ഉലമയുടെ ആതിഥ്യത്തിലും പുളിക്കൽ മദീനത്തുൽഉലൂം അറബിക് കോളേജിൽ 1980 മെയ് മാസം ഒരു പണ്ഡിത കേമ്പ് നടന്നു. അതിൽ ബൈബിളിനെ സംബന്ധിച്ച് ജെ: മുഹമ്മദ് അമാനിമൗലവി അവതരിപ്പിച്ച ഉപന്യാസം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു. "ബൈബിളിന്റെ വിശ്വസനീയത"? എന്ന പേരിൽ 1981 ഫെബ്രുവരിയിൽ കേരളാ നദ്‌വത്തുൽ മുജാഹിദീൻ അത് പ്രസിദ്ധീകരിച്ചു.

ഈ പുസ്തകമനുസരിച്ച് ഇസ്ലാമിക പണ്ഡിതൻമാരുടെ സദസ്സ് കൂടുന്നത് അന്യമതസ്തരെ അവഹേളിക്കാനും അധിക്ഷേപിക്കാനുമാണെന്നു വരുന്നു. അവർ അധിക്ഷേപിച്ചകാര്യങ്ങൾ എന്തെല്ലാം? അവ നമുക്കിവിടെ പരിശോധിക്കാം.

***

(ശേഷം അടുത്ത ലക്കത്തിൽ)

# അവശ ക്രൈസ്തവരും സമ്പൂർണ്ണ ക്രിസ്ത്യാനികളും

കളത്തുകാൽ. രാജദാസ്

ഭാരത ചരിത്രത്തിലെ അവിസ്മരണീയമായ നാഴികക്കല്ലാണ് 1947 ആഗസ്റ്റ് 15. ആ കാലഘട്ടത്തിലായിരുന്നു ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ നിന്ന് ഇൻഡ്യ സ്വതന്ത്രമായത്. ആ വസന്തകാല ദിനത്തിന്റെ സ്മരണ പുതുക്കുവാൻ ഭാരതീയരുടെയിടയിൽ ഇന്നോളം ആരായാലും ആ കർത്തവ്യം ആചരിക്കുന്നു. വർഗ്ഗമെന്നോ ? മതമെന്നോ ? ഭാഷയെന്നോ ? വിയോജിപ്പില്ലാതെ അഖിലരും സ്വാതന്ത്ര്യദിനത്തെ ബഹുമാനപുരസ്കരം ആഘോഷിയ്ക്കാറുണ്ട്.

എന്നാൽ യേശുക്രിസ്തുവിലൂടെ ലോകജനത നേടിയ സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. അരക്ഷിതമായ ലോകത്ത് കിടന്ന് മുറവിളി കൂട്ടിയ നിർധനനും, പീഡിതനും, ക്രൂരനും, ആഭിചാര കർമ്മങ്ങളിൽ ശ്രേഷ്ഠനും, പൗരാണിക അനാചാര സാമൂഹ്യ 'നീതിശാസ്ത്രത്തിനു മുമ്പിൽ ബഹിഷ്കൃതനുമായ മനുഷ്യന് ക്രിസ്തുവിലൂടെ നേടിയ സ്വാതന്ത്ര്യം മുഖേന എല്ലാ അടിമത്വത്തിന്റെ പ്രതീകമായ അതിർവരമ്പുകളെയും ഇടിച്ചു നിരത്തി സ്വാതന്ത്ര്യത്തിന്റെ സുഗന്ധക്കാറ്റ് ശ്വസിയ്ക്കാൻ കഴിഞ്ഞു.

സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചു നില്പിൻ. അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത് ഗലാത്യർ-5:1. വലിയവനും പാവനനുമായ ദൈവ പുത്രൻ മനുഷ്യനെ സ്വതന്ത്രരാക്കി. എന്നാൽ ഈ ആധുനിക കാലത്തുപോലും മനുഷ്യൻ അടിമ

ത്വത്തിൻെറ ചെളിക്കുണ്ടിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. വിദ്യാഭ്യാസപരമായും, ശാസ്ത്ര സാങ്കേതികമായും, സാമൂഹ്യസാംസ്ക്കാരികപരമായും. ആത്മീയപരമായും ഉന്നതമായ സ്വാതന്ത്ര്യം നേടിയിട്ടും മനുഷ്യൻ പഴയ സരണികളിൽ തന്നെ പ്രയാണം ചെയ്യുന്നു.

പരിഹസിക്കുന്നുവെന്ന് കരുതരുത്. ഒരു വൃന്ദം വ്യക്തികളെ ഇവിടത്തെ ചില ക്രിസ്ത്യൻ മതാദ്ധ്യക്ഷന്മാരുടെയും ക്രൈസ്തവഭരണ മേധാവികളുടെയും നേതൃത്വത്തിൽ (ഭിക്ഷക്കാർ കുഞ്ഞുങ്ങളുടെ നല്ല കണ്ണുകളെ കുത്തിപ്പൊട്ടിച്ചു ഭിക്ഷയ്ക്ക് കൊണ്ടു നടന്ന് അമ്മച്ചീ വല്ലതും തരണേ എന്ന് വിളിക്കുന്നതുപോലെ) അവശ ക്രൈസ്തവർ എന്ന ലേബലും(മേൽ വിലാസച്ചീട്ട്) മുഖത്ത് പതിപ്പിച്ചു മനുഷ്യരെ തെരുവ് നീളെ കൊണ്ടു നടക്കാറുണ്ടു. ഇതിൻെറയെല്ലാം യാഥാർത്ഥ്യങ്ങൾ എന്താകുന്നു? "അവശക്രൈസ്തവർ" എന്നൊരു സാമൂഹ്യസംഘടനയും സൃഷ്ടിച്ചു ഇവരെ അവശത എന്ന മറയുടെ കീഴിൽ അണി നിരത്താറുണ്ടു.

ഒരു ക്രിസ്ത്യാനി അഥവാ ദൈവത്തിൻെറ മക്കൾ എങ്ങനെയാണ് അവശരാകുന്നത്? അവരെ അവശരാക്കിയതാണോ? അതോ അവർ സ്വയം അവശരായിമാറിയതാണോ? സാമൂഹ്യ നീതിയ്ക്കും ദൈവീക മാർഗ്ഗത്തിനും അനുചിതമായ പ്രവൃത്തി.

ഇവിടത്തെ മതാദ്ധ്യക്ഷന്മാരുടെ സാമൂഹ്യപരമായ പിന്തുണയ്ക്കു വേണ്ടി ഇപ്രകാരം കൊണ്ട് നടന്നതിന് ശേഷം ഈ അവശ ക്രൈസ്തവരെ ആദ്ധ്യാത്മികതയുടെ കോലായിൽ നിന്ന് ഒററപ്പെടുത്തുകയും ചെയ്യുന്നു. ഇവിടെ ദൈവീക വചനത്തിന് എന്ത് പ്രസക്തിയാണ് ഉള്ളത്.

"പി. കെ. വർഗ്ഗീസ് സാർ" ഒരിക്കൽ പത്രാധിപക്കുറിപ്പിൽ എഴുതിയതുപേലെ" ഇവരോടുവെച്ചു പുലർത്തുന്ന ആത്മീയ ഉച്ചനീചത്വങ്ങൾ നിരവധിയാണ്. മററുള്ള ക്രിസ്ത്യാനികൾക്കൊപ്പം സ്ഥാനമോ? ആരാധനക്കു തുല്യപ

ങ്കാളിത്തമോ നൽകാറില്ല. അവർക്കു പ്രത്യേക പള്ളികളും ഉണ്ടാക്കിക്കൊടുക്കുന്നു : ഇത്തരം ആത്മീയ അനീതികൾ തങ്ങളുടെയിടയിൽ നിന്ന് നീക്കിക്കളഞ്ഞിട്ട് വ്യക്തികൾ സംഘടിച്ച് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചാൽ അത്രെത്ര നന്നായിരിക്കും. ക്രിസ്ത്യാനികളായിത്തീർന്നിട്ടും ഇവരെ അവശരാക്കി തന്നെ നിർത്തിയിരിക്കുന്നതിൽ അവരുടെമേലദ്ധ്യക്ഷൻമാർക്കും പങ്കില്ലേഎന്ന ചോദ്യം അവശേഷിക്കുന്നു.'' (B. T. February-1989)

''ങ്ഹാ'' എന്നിട്ടോ? അവശൻ എന്ന മുദ്രകുത്തി സമൂഹത്തിന് ഒരു പുഴുക്കുത്തായി പുറന്തള്ളപ്പെടുത്തുന്നു. ഈ അവശൻ എന്ന വാക്കിന്, 'അശക്തനെന്നോ ? (not strong) ക്ഷീണിതൻ എന്നോ ?, തളർന്നവനെന്നോ വാക്യാർത്ഥങ്ങൾ കൊടുക്കാവുന്നതാണ്. ധാർമ്മികതയ്ക്കു വേണ്ടി ക്രിസ്ത്യാനി എന്ന പദപ്രയോഗം ഉപയോഗിച്ച് സംഘടിപ്പിക്കുന്നതിൽ നീതിപൂർവ്വമായ ശരിയുണ്ട്. എന്നാൽ ഇത് അങ്ങനെയല്ലല്ലോ ?

ഇപ്രകാരമുള്ള തരംതാണ പ്രവണതകൾ തുടരാതിരിക്കുന്നതാണ് ധാർമ്മികതയ്ക്കു നന്ന്. അവശ ക്രൈസ്തവന്റെ ഉദ്ധാരണത്തിന് വേണ്ടിസമൂഹമദ്ധ്യേസഭാമേധാവികൾആക്രോശങ്ങൾ കാട്ടിയതിന് ശേഷം പള്ളിയിൽ അവശ ക്രൈസ്തവനെ ബഹിഷ്കൃതനാക്കുന്നു. കാരണം അവശ ക്രൈസ്തവനെ പള്ളി വികാരിയായോ? പള്ളിയിൽ നേതൃത്വസ്ഥാനമോ കൊടുക്കാതെരഹസ്യമായി അധിക്ഷേപിക്കുന്നു. ഓ- എങ്ങനെയാ. അവശ ക്രൈസ്തവനെ അച്ചാ എന്ന് വിളിക്കുന്നത്. മന:പൂർവ്വം നടത്തുന്ന ഈ സംബോധനകളെക്കുറിച്ച് പ്രകീർത്തിയ്ക്കാൻസാക്ഷാൽ വേദപുസ്തകത്തിലുണ്ടോ ? ഗവൺമെന്റിൽ നിന്ന് സഹായകമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി ഇത്രയും തരംതാണ പദപ്രയോഗങ്ങൾ ഉപയോഗിച്ചു ജയഘോഷങ്ങൾ നടത്തുന്നതിനെക്കാൾ വേറെ എത്രയോ വാക്കുകൾ കൈരളിയിലുണ്ട് എന്നി

ട്ടാണോ? ലോക ജനതയ്ക്ക് മുമ്പിൽ ഈ പാവകളി? ഈ പ്രഘോഷങ്ങളും വ്യവഹാരങ്ങളും ദൈവം കാണുവാൻ വേണ്ടിയാണോ ?

അവശനല്ലാത്ത ശക്തനായ ക്രിസ്ത്യാനി എന്ന് പ്രകീർത്തിക്കുന്നവർക്ക് ഒരു പേരു കൊടുക്കാം-സമ്പൂർണ്ണ ക്രിസ്ത്യാനി. ഈ ക്രിസ്ത്യാനി അന്ധമായി വിശ്വസിക്കയും അനാചാരമായി പ്രവൃത്തിക്കയും ചെയ്യുന്നവരായിരിക്കാം. എന്നിരുന്നാലും സമൂഹമദ്ധ്യേ അവശ ക്രൈസ്തവന്റെ ഉന്നമനത്തിന് പ്രവർത്തിയ്ക്കുന്നവരായിരിക്കാം.

ഈ സമ്പൂർണ്ണ ക്രിസ്ത്യാനി ഞായറാഴ്ച രാവിലെ ഒരു പെഗ് ബ്രാണ്ടിയും അടിച്ച് ഒരു സിഗററും വലിച്ച് പ്രിയ ധർമ്മ പത്നിയെയും കുഞ്ഞുങ്ങളെയും കൂട്ടി മാരുതിക്കാറിൽ ദൈവത്തെ ആരാധിയ്ക്കാൻ പള്ളിയിൽ പോയി ചെത്തും. മാരുതികാറിൽ യാത്ര ചെയ്യുന്നതു തെററല്ല. പക്ഷെ സഹോദരനെ കുറിച്ച് കരുതാതിരിക്കുന്നതു തെററല്ലേ? എന്നാലോ ? ഈ അവശ ക്രൈസ്തവൻ സമ്പൂർണ്ണ ക്രിസ്ത്യാനിയുടെ പശുവിന് പുല്ല് ചെത്താൻ മൺവെട്ടിയുമായി പറമ്പിൽ പോകും. അവിടെ ചെന്ന് ചെത്തും. അവശ ക്രൈസ്തവന് ദൈവത്തെ പ്രസാദിപ്പിയ്ക്കണ്ടേ ?. കെട്ടഴിഞ്ഞ ഈ ക്രൈസ്തവ സംസ്കാരങ്ങളും ദൈവത്തെ പരിഹാസയോഗ്യമാക്കി തീർക്കുവാനോ ? ഈ മരവേലിപരിഷ്കാരങ്ങളും മനുഷ്യനെ വെറും ചവിട്ടുപടികളാക്കുവാനോ ?

★

# നല്ല ഇടയൻ

**കെ. ആർ. ബോസ്**

സ്നേഹ ദൂതുമായ് വന്നിരുന്നു.
രണ്ടായിരമാണ്ടിനപ്പുറത്തു നിന്നുമൊരിടയൻ
ആ ഇടയനു നൽകുവാൻ
സ്നേഹം മാത്രമെയുണ്ടായിരുന്നുള്ളു.
വിങ്ങിപ്പൊട്ടുന്ന ഹൃദയത്തെ കുളിർ വചനം
നൽകി ആശ്വാസ മേകിയാട്ടിടയൻ
അളവില്ലാതെ നൽകിയ സ്നേഹത്തിൻ പകരമായ്
കാരിരുമ്പാണി അടിച്ചു അവൻ കരങ്ങളിൽ
പിന്നെ കുരിശു ചുമപ്പിച്ചു; അത്യധികമായ
വേദനയാൽ പുളഞ്ഞപ്പോഴം അവനരുളി
ഇവർ ചെയ്യുന്നത് എന്ത് എന്നറിയായ്കയാൽ
മാപ്പേകുക, കാരുണ്യത്തിൻ നാദമായ്
നിഷ്കളങ്ക വായ്പുകൾ ഇപ്പോഴും
മായാതെ നിൽപ്പൂ

●

# കലാകാരനായ സൃഷ്ടാവ്.

**രഘുനാഥ്**

ഒരു ശില്പിക്ക് അവന്റെ ആഗ്രഹത്തിനൊത്ത് നിരവധി ശില്പങ്ങൾ നിർമ്മിക്കാൻ കഴിയും. അതുപോലെ ഒരു ചിത്രകാരനാകട്ടെ നിരവധി ചിത്രങ്ങൾ വരക്കുന്നു. ഒന്നാം തരത്തിൽ പഠിക്കുന്ന കൊച്ചു കുട്ടി മുതൽ, നമ്മൾ

പല രീതിയിലുള്ള ചിത്രരചന, ശില്പകല എന്നിവ അഭ്യസിക്കുകയും, ഇത്തരം കഴിവുകൾ ചിലർക്ക് ജന്മ വാസനയായി ലഭിക്കുകയും ചെയ്യുന്നു. ഇന്ന്, ആധുനിക ലോകത്തിൽ കമ്പ്യൂട്ടറിന്റെ സഹായത്താൽ കാര്യങ്ങൾ നടത്താൻ കഴിയുന്ന യുഗത്തിലാണ് മനുഷ്യനിപ്പോൾ. മനുഷ്യൻ ഇത്ര ക്രിയാശീലതയോടുകൂടി പ്രവർത്തിക്കുകയും കാര്യങ്ങൾ നടത്തുകയുമാണെങ്കിൽ നമ്മുടെ സൃഷ്ടാവായ ദൈവം എന്തു മാത്രം കലാബോധമുള്ളവനായിരിക്കണം. അതു കൊണ്ടായിരിക്കുമല്ലോ ദൈവം ഇത്ര മനോഹരമായി ഭൂമി സൃഷ്ടിച്ചതു

ഉല്പത്തിയെക്കുറിച്ചും; സൃഷ്ടിയെക്കുറിച്ചും പല ഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. മനുഷ്യൻ പല സാധനങ്ങൾ നിർമ്മിക്കുന്നു. ചലിക്കുന്നവയും, ചലിക്കാത്തവയും. എത്രയെങ്കിലും വലിയ കരിങ്കൽ-സിമന്റ്-പ്രതിമകൾ, കൊച്ചു കളിപ്പാട്ടങ്ങൾ വരെ. കാല യവനികയ്ക്കുള്ളിൽ ലയിച്ചുപോയ പ്രധാന സംഭവങ്ങളുടേയും. സാധനങ്ങളുടേയും അതുപോലെ വ്യക്തികളുടേയും ഓർമ്മ നില നിർത്തുന്നതിന് വേണ്ടിയുമാണ് ഇത്തരം പ്രതിമകൾ. ഒരു ഉപജീവനമാർഗം; അതുപോലെ കലാകാരന്റെയോ, ശില്പിയുടേയോ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു അവസരം കൂടിയാകുന്നു.

മനുഷ്യനിർമ്മിതമായ ഉപകരണങ്ങൾ ജോലി ചെയ്യുന്നു, സംസാരിക്കുന്നു, കണക്കുകൂട്ടുന്നു, നടക്കുന്നു, അങ്ങനെ പലതും ചെയ്യുന്നു. എന്നാൽ മനുഷ്യനെപ്പോലെ യാതൊരുകാര്യവും ആലോചിച്ചു ചെയ്യുവാൻ ഒരു യന്ത്രത്തിനും കഴിവില്ല. ഉണ്ടെങ്കിൽ തന്നെയും അതിനേയും മനുഷ്യൻ നിയന്ത്രിക്കണം. ഇത്തരം യന്ത്രങ്ങൾക്ക് പ്രവർത്തിയ്ക്കാനാവശ്യമായ 'ജീവൻ' മനുഷ്യൻ തന്നെ നിർമ്മിച്ച് അവയ്ക്ക് നൽകണം. വൈദ്യുതിയാണ് അവയുടെ ജീവനാധാരം. അതും കൃത്രിമ ജീവൻ. എന്നാൽ ദൈവമാകുന്ന കലാകാരൻ

തന്റെ പ്രതിരൂപം കളിമണ്ണിൽ തീർത്ത് മൂക്കിൽ കൂടി ജീവശ്വാസം ഊതി നൽകിയിട്ടു ആ മനുഷ്യൻ ഇന്നും നിലനിൽക്കുന്നു. കാര്യങ്ങൾ പരസ്പരപൂരകമായി ചിന്തിക്കുന്നു. പല കാര്യങ്ങളും സ്വയം തീരുമാനം കൈക്കൊള്ളുന്നു. സ്വയം തീരുമാനങ്ങളെടുക്കുന്നു. അതുപോലെ മററുള്ളവരെ നിയന്ത്രിക്കുകയും, കൂടാതെ പ്രപഞ്ചത്തെ വരെ നിയന്ത്രിയ്ക്കാൻ ഈ കൊച്ചുമനുഷ്യനു കഴിയുന്നു. മനുഷ്യന്റെ ഈ കഴിവിൽ ദൈവം സന്തോഷം കൊള്ളുന്നുണ്ടായിരിക്കാം. പക്ഷെ അവൻതന്നെ തന്റെ പിതാവിനെ നിന്ദിക്കുന്നു.

ദൈവം, എന്തു സുന്ദരമായ പേര്. ഭൂമിയുണ്ടാക്കിയതിന് ശേഷം ഭൂമിയിൽ ജീവിക്കുന്നതിനായി ഓരോ ജീവിയേയും, സസ്യങ്ങളേയും ദൈവം സൃഷ്ടിച്ചു. അവസാനമായാണ് മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷനായത്. കലാ ബോധമുള്ള ഒരാളിനേ അതിന്റേതായ രീതിയിൽ ഓരോ വസ്തുവും നിർമ്മിക്കാൻ കഴിയൂ. ചിത്രശലഭങ്ങളെ നോക്കൂ. എത്ര മനോഹരമായിട്ടാണ് അവയെദൈവം അണിയിച്ചൊരുക്കിയിരിക്കുന്നത്. എന്തുകൊണ്ട് ശലഭങ്ങൾക്ക് ദൈവം കൂടുതലായി ഭംഗി നൽകി ? ഭംഗി, ഓരോ ജീവിക്കും സൃഷ്ടാവ് കനിഞ്ഞുനൽകിയ ഭാഗ്യമാണ്. പല തരത്തിലുള്ള ജീവികൾക്കും ഈ സൗന്ദര്യം ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും. സൗന്ദര്യത്തിൽ മുന്നിൽ നിൽക്കുന്ന ശലഭത്തെ തന്നെയെടുക്കാം. നല്ല ഭംഗിയുള്ള ഒരു പൂവിൽ അമർന്നിരുന്നു തേൻ നുകരുന്ന ഒരു ശലഭത്തെ വളരെ വേഗം ആരെങ്കിലും തിരിച്ചറിയുമോ ?

മനുഷ്യൻ മനുഷ്യനാൽ നിർമ്മിക്കുന്ന വസ്തുക്കൾക്ക് കൃത്രിമമായി ജീവൻ നൽകുമെങ്കിൽ, ദൈവം തന്റെ സൃഷ്ടികൾക്ക് യഥാർത്ഥ ജീവൻ നൽകും. വളരെ നാളുകൾ കുഞ്ഞുങ്ങളില്ലാതിരുന്ന മാതാപിതാക്കൾക്ക് ഒരു കുഞ്ഞ് ജനിക്കുന്നു എന്നു കരുതുക. അവർക്ക് എന്തു സന്തോഷമായിരിക്കും. എത്രനാൾ ദൈവത്തോട് യാചിച്ചിട്ടായിരിക്കാം ഒരു

കുഞ്ഞ് അവർക്ക് ലഭിച്ചത്. ആ കുഞ്ഞിന് ചലിക്കാൻ കഴിവുണ്ട്, വളരാൻ ജീവനുണ്ട്. എന്നാൽ ഏതെങ്കിലും ഒരു മനുഷ്യനെക്കൊണ്ട് ഇതുപോലൊന്നു നിർമ്മിക്കാൻ സാധ്യമല്ല. ആണെങ്കിൽ തന്നെയും അതു വളരുമോ ? സ്വയം ചലിക്കുമോ ? സംസാരിക്കുമോ ? ഇല്ല. ഇതൊന്നും സ്വയം ചെയ്യില്ല.

പിതാവ്, പിതാവിന്റെ മക്കളായ മനുഷ്യർക്കുവേണ്ടി എന്നും നല്ല കാര്യങ്ങൾ മാത്രം ചെയ്യുന്നു. എന്നാൽ മനുഷ്യൻ ആ പിതാവിനെ നിന്ദിക്കുകയും, അധിക്ഷേപിക്കുകയും ചെയ്യുന്നു. എന്നാലും ഒരച്ചനെ മകൻ കുററപ്പെടുത്തിയാൽ അച്ചൻ ക്ഷമിക്കും. അതുപോലെയാകുന്നു പിതാവാകുന്ന നമ്മുടെ ദൈവവും. അവന്റെ അറിവില്ലായ്മയിൽ ഖേദിക്കുന്നു. എന്തിനായിരിക്കും അതിസൂക്ഷ്മങ്ങളായ അണുജീവി മുതൽ വലിയ തിമിംഗലങ്ങളെവരെയുള്ള ജീവികളെസൃഷ്ടിച്ചത് ? മനുഷ്യന്റെ നിലനില്പ് മുൻകൂട്ടികണ്ടിട്ടായിരിക്കണം എന്ന് കരുതാം. ഇത്തരം സൂക്ഷ്മ ജീവികളിൽ നിന്ന് എന്തെല്ലാം ഔഷധങ്ങൾ ഉല്പാദിപ്പിക്കുന്നു. അതുപോലെ ഔഷധ സസ്യങ്ങൾ; ഇതെല്ലാം ആ പുണ്യപിതാവിന്റെ മനുഷ്യനുവേണ്ടിയുള്ള ദാനമല്ലേ ?

ഒരു അച്ചൻ തന്റെ ഓമനക്കുഞ്ഞിനെ എങ്ങനെ പരിപാലിക്കുന്നുവോ അതുപോലെ സൃഷ്ടാവായ ദൈവം ഭൂമുഖത്തുള്ള ഓരോ മനുഷ്യനേയും പരിപാലിക്കുന്നു. കലാകാരനായ പിതാവേ ഞങ്ങളുടെ പ്രണാമം.

***

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ് ജെ.

## V സർദ്ദീസിലെ സഭ (വെളി 3:1-6)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവത്തിന്റെ ആത്മാവ് അപ്പോസ്തലന്മാരിൽ കൂടി ദൈവ വചനം സംസാരിച്ചു കൊണ്ടിരുന്ന കാലയളവ്, പീഡനങ്ങളുടേതും അതോടൊപ്പം ഒരു ശൈശവാവസ്ഥയും ആയിരുന്നു. ദൈവ വചനം കേട്ടാൽ അതിനെ സ്വീകരിപ്പാനുള്ള ഭയപ്പാടും; എന്നാൽ അവയെ വേണ്ടതുപോലെ ഗ്രഹിക്കാനോ, ഉൾക്കൊള്ളാനോ കഴിയാത്ത ഒരവസ്ഥയും ആയിരുന്നു അക്കാലം. അപ്രകാരമുള്ളപരിതസ്ഥിതിയിൽദൈവ വചനത്തെ അവിശ്വാസികളുടേയും ഭീരുക്കളുടേയും ഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിന് പരിശുദ്ധാത്മാവിനാൽ അത്ഭുതകരമായ പ്രവർത്തനങ്ങൾ ആവശ്യമായിരുന്നു. എന്നാൽ ദൈവ വചനം പഠിച്ചു വളർന്നു, വിശ്വസനീയമായ പുരുഷാവസ്ഥയിലേക്കു് കടന്നു വന്നപ്പോൾ അംശമായിരുന്ന ശിശു അവസ്ഥ നീങ്ങിപ്പോയി.

ഉയർത്തെഴുന്നേററ യേശു യെരൂശലേമിൽ നിന്നും എമ്മവുസ്സിലേക്കു പോകയായിരുന്ന രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അവരോടു ചേർന്നു നടന്നു അവരോടു സംഭാഷിച്ചു. പക്ഷെ അത് ഉയർത്തെഴുന്നേററ കർത്താവായിരുന്നു എന്നു ആ ശിഷ്യന്മാർക്ക് മനസ്സിലായിരുന്നില്ല. നേരം വൈകി അസ്തമിപ്പാറായപ്പോൾ അപരിചിതനെ ശിഷ്യന്മാർ അവരോടു കൂടെ പാർപ്പാൻ നിർബന്ധിച്ചു. "യേശു അവരോടു കൂടെ പാർപ്പാൻ ചെന്നു." അവരുമായി ഭക്ഷണത്തിനു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ച്

നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണുതുറന്നു. അവർ യേശുവിനെ അറിഞ്ഞു. യേശു അവർക്ക് അപ്രത്യക്ഷനായി "(ലൂക്കോ 24:13-35) ഈ സംഗതികൾ "അവർ പോയി ശേഷമുള്ള ശിഷ്യന്മാരെ അറിയിച്ചു (മർക്കോ. 16:13). ശിമോൻപത്രോസിനും കർത്താവ് പ്രത്യക്ഷനായ വിവരം മററുള്ള ശിഷ്യന്മാരെ അറിയിച്ചിരുന്നു.

എന്നാൽ പതിനൊന്നു ശിഷ്യന്മാരും ഒന്നിച്ചു ഒരു ദിവസം ഭക്ഷണത്തിനു ഇരുന്നപ്പോൾ കർത്താവ് അവർക്ക് പ്രത്യക്ഷനായി. "തന്നെ ഉയർത്തെഴുന്നേററവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും യേശു ശാസിച്ചു. പിന്നെ യേശു അവരോടു "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതു ഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് ഹാനിവരികയില്ല; രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്ക് സൌഖ്യം വരും എന്നു പറഞ്ഞു"(മർക്കൊ.16:12-18).

ഇവിടെ എടുത്തു പറഞ്ഞിരിക്കുന്ന ദൈവ വചനങ്ങൾ എല്ലാം സന്ദർഭോചിതമനുസ്സരിച്ചു പഠിക്കുകയാണെങ്കിൽ അത്ഭുതങ്ങളും അടയാളങ്ങളും അപ്പോസ്തലന്മാരാൽ നടന്നിട്ടുണ്ട് എന്ന കാര്യത്തിനു തർക്കമില്ല." അവർ പുറപ്പെട്ടു എല്ലായിടത്തും പ്രസംഗിച്ചു; കർത്താവ് അവരോടു കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" (മർക്കോ.16:20). അപ്പോസ്തലന്മാരാൽ നടന്ന അത്ഭുതങ്ങളും അടയാളങ്ങളും അന്നത്തെ പ്രതികൂല സാഹചര്യത്തിൽ വചനത്തെ ജനഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിനു വേണ്ടി ആയിരുന്നെന്ന് ദൈവ വചനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ചില വ്യക്തികളിൽ വരുമ്പോൾ അതിന്റെ അടയാളങ്ങൾ പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. യേശു സ്നാനം ഏററ് വെള്ളത്തിൽ നിന്നും

കയറിയപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി അവന്റെ മേൽ വന്നു (മത്താ 3:16). യേശുവിന്റെ മേൽ പരിശുദ്ധാത്മാവ് വന്നു എന്നുള്ളതിന് അത് അടയാളമായിരുന്നു. അപ്പോസ്തലന്മാരിൽ പരിശുദ്ധാത്മാവ് വന്നതിന്റെ അടയാളം വളരെ വ്യക്തമാണ്. "അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതു പോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി." (അപ്പോ:2:3,4). സംശയത്തിന് വകയില്ലാതെ പ്രത്യക്ഷമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നത് വളരെ വ്യക്തമാണല്ലോ.

അപ്പോസ്തലന്മാർക്ക് പരിശുദ്ധാത്മാവിനാൽ സ്നാനം ലഭിച്ചിരുന്നു. "നിങ്ങൾക്കോ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കും എന്നു കർത്താവ് പറഞ്ഞ വാക്കു ഓർത്തു" (അപ്പോ.11:16). അതു പോലെ തന്നെ അപ്പോസ്തലന്മാർ പ്രാർത്ഥിച്ചു കൈ വെച്ചവരുടെ മേലും പരിശുദ്ധാത്മാവിനെ നല്കി. "അപ്പോസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ചു അവരുടെ മേൽ കൈ വെച്ചു" (അപ്പോ 6:5,6). "അവർചെന്ന് അവർക്കു പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന്നു അവർക്കായി പ്രാർത്ഥിച്ചു" (അപ്പോ8:15). എന്നാൽ അപ്പോസ്തലന്മാർ പ്രാർത്ഥിച്ചു കൈവെച്ചപ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ; മററുള്ളവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിന് കൈവെച്ചു പ്രാർത്ഥിച്ചു ലഭിച്ചതായി വചനത്തിൽ എങ്ങും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ അപ്പൊസ്തലന്മാർ ഒഴികെ മററാരും തന്നെ പ്രാർത്ഥിച്ചു കൈവെച്ചാൽ ലഭിക്കുന്നഒന്നല്ല പരിശുദ്ധാത്മാവ് എന്നു വ്യക്തമായി അറിയാൻ കഴിയുമല്ലോ. അതുപോലെ തന്നെ ഉപവാസത്തോടെ കാത്തിരുന്നു പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ഇന്നനേകരും പെടാപ്പാടുപെടുന്നു. അങ്ങനെ പിടിച്ചുവാങ്ങാവുന്ന ഒന്നല്ല പരിശുദ്ധാത്മാവ്.

രക്ഷിക്കപ്പെട്ട ദൈവ മക്കൾക്കു ദൈവം ദാനമായി കൊടുക്കുന്ന ഒന്നാണ് പരിശുദ്ധാത്മാവ്. അതിന് കാത്തിരുന്നു പിടിച്ചു വാങ്ങാൻ ശ്രമിച്ചാൽ കിട്ടുകയില്ല. തെററായ ഉപദേശ രീതികളെ മുറുകെ പിടിച്ചു കൊണ്ട് ദൈവ മക്കളാണെന്ന് അഭിമാനിക്കുന്നവർക്ക് എങ്ങനെ പരിശുദ്ധാത്മാവിനെ ലഭിക്കും ? തന്നെ അനുസരിക്കുന്നവർക്കാണ് ദൈവം പരിശുദ്ധാത്മാവിനെ കൊടുക്കുന്നത് (അപ്പൊ 5:32) "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.2:38).

കർത്താവിൻെറ ഉപദേശങ്ങളെ ദൈവ വചന പ്രകാരം അനുസരിക്കാത്ത ഒരു കൂട്ടം ആളുകളാണ് ആത്മീയ വരങ്ങളെ പൊക്കി പിടിച്ച്; ഞങ്ങളാൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നു എന്നു കൊട്ടി ഘോഷിക്കുന്നത്. ഇവരിൽ ഇന്നു മുൻപന്തിയിൽ കാണുന്നവർ കരിസ്മാററിക് പ്രസ്ഥാനക്കാരും പെന്തകോസ്തു പ്രസ്ഥാനക്കാരുമാണ്. ഇവർ മുഖാന്തരം ക്രിസ്തുവിൻെറ മാർഗ്ഗവും ഉപദേശവും ജാതികളുടെ ഇടയിലും വിശ്വാസികളുടെ ഇടയിലും ദുഷിക്കപ്പെട്ടുകൊണ്ടിരിയ്ക്കയാണ്. ഇവരെ കൂടാതെ യഹോവ സാക്ഷികൾ മുതലായ ദുരുപദേശ പ്രസ്ഥാനക്കാരെപ്പററിയും കർത്താവ് വളരെ വ്യക്തമായി ദൈവ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "കള്ള ക്രിസ്തുക്കളും, കള്ള പ്രവാചകന്മാരും എഴുന്നേററു കഴിയും എങ്കിൽ വൃതന്മാരെയും തെററിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. നിങ്ങളോ സൂക്ഷിച്ചു കൊൾവിൻ. ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടിപറഞ്ഞുവല്ലോ" (മർക്കോ.13:22,23).

(ശേഷം അടുത്ത ലക്കത്തിൽ)

***

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9:00 to 9:15 P.M.
Fridays —7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays— 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
to Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College,palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695034

To